**വളരെ അടിയന്തിരം/ പ്രത്യേക ശ്രദ്ധ**

നം. DWCD/1396/2022-A1

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 08/07/2022
Email - wcdfunds@gmail.com

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

വിഷയം വനിതാ ശിശു വികസന വകുപ്പ് -ഡയറക്ടറേറ്റ്- 2235-02-102-61, 2235-02-102-47 എന്നീ ശീർഷകങ്ങളിൽ 28/04/2022 ന് ശേഷം ട്രഷറി മുഖേന നടത്തപെട്ട സാമ്പത്തിക ഇടപാടുകൾ - വിവരം ലഭ്യമാകുന്നത് - സംബന്ധിച്ച്.

സൂചന 1) 28/04/2022 തിയതിയിലെ G.O.(Rt)No.3220/2022/Fin നമ്പരായുള്ള സർക്കാർ ഉത്തരവ്.
2) ഈ കാര്യലയത്തിലെ 28/04/2022 ലെ DWCD/1396/2022-A1 നമ്പരായുള്ള സർക്കുലർ.

സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) - 60% കേന്ദ്രാവിഷ്കൃതം, സംയോജിത ശിശു വികസന പദ്ധതി (ICDS) 60% കേന്ദ്രാവിഷ്കൃതം എന്നിവയുടെ ശീർഷകങ്ങൾ യഥാക്രമം 2235-02-102-61, 2235-02-102-47 എന്നിവ PFMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ ശീർഷകങ്ങളിലേക്ക് യഥാക്രമം 2235-02-102-19, 2235-02-102-18, എന്നീ ശീർഷകങ്ങളിലേക്ക് ബഡ്ജറ്റ് വിഹിതം ധന പുനർ വിനിയോഗം വഴി മാറ്റിയിട്ടുള്ളതാണ്.

പുതിയ ശീർഷകങ്ങൾ അനുവദിച്ച സാഹചര്യത്തിൽ സൂചന (2) സർക്കുലറിലൂടെ ICPS ന്റെ ശീർഷകമായിരുന്ന 2235-02-102-61, ICDS ന്റെ ശീർഷകമായിരുന്ന 2235-02-102-47 എന്നീ ശീർഷകങ്ങൾ വഴിയുള്ള എല്ലാ വിധ ട്രഷറി സാമ്പത്തിക ഇടപാടുകളും നിർത്തിവെയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന് വിരുദ്ധമായി ചില കീഴ് കാര്യലയങ്ങൾ ടി ശീർഷകങ്ങളിൽ ശമ്പളം അടക്കമുള്ള സാമ്പത്തിക ഇടപാടുകൾ ട്രഷറി മുഖേന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സൂചന (2) സർക്കുലറിന് വിരുദ്ധമായി ട്രഷറി ഇടപാടുകൾ നടത്തുന്നത് അതീവ ഗൗരവകരമായി കാണുന്നു.

ഈ സാഹചര്യത്തിൽ സൂചന (1) ലെ ഉത്തരവിൻ പ്രകാരം പുതിയ ശീർഷകങ്ങൾ അനുവദിച്ച തീയതിയായ 28/04/2022 ന് ശേഷം 2235-02-102-61, 2235-02-102-47 ശീർഷകങ്ങളിൽ ട്രഷറിയിൽ സാമ്പത്തിക ഇടപാടുകൾ താങ്കളുടെ

ജില്ലയിൽ കീഴ് കാര്യാലയ മേധാവികൾ ( DCPO മാർ ഉൾപെടെ )നടത്തിയത്തിന്റെ വിവരങ്ങൾ ഇതിനോടൊപ്പം ചേർത്തിട്ടുള്ള പെർഫോമയിൽ പ്രകാരം കീഴ് കാര്യലയങ്ങളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച **13/07/2022 5:00 മണിക്കുള്ളിൽ** ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ wcdfunds@gmail.com എന്ന e mail ലും തപാൽ മുഖേനയും ലഭ്യമാക്കേണ്ടതാണ്.

സർക്കാരിലേക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകേണ്ടതിനാൽ 2235-02-102-61, 2235-02-102-47 എന്നീ ശീർഷകങ്ങൾ കൈകാര്യം ചെയ്തിരുന്ന എല്ലാ കീഴ്കാര്യാലയ മേധാവികളോടും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ വ്യക്തിപരമായി ബന്ധപെട്ട് വിവര ശേഖരണം നടത്തേണ്ടതാണ് . 13/07/2022 5:00 മണിക്ക ശേഷം ലഭ്യമാകുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല എന്ന് മാത്രമല്ല അത് തെറ്റായി ട്രഷറി ഇടപാടുകൾ നടത്തിയ കീഴ് കാര്യാലയ മേധാവികളുടെയും റിപ്പോര്ട്ട് ചെയാത്ത ജില്ലാ വനിത ശിശു വികസന ഓഫീസർമാർമാരുടെയും വ്യക്തി പരമായ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും .

വിശ്വാസ്തം പൂർവ്വം

സീനിയർ ഫിനാൻസ് ഓഫീസർ

പകർപ്പ്

(1) 2235-02-102-61, 2235-02-102-47 ശീർഷകങ്ങൾ
കൈകാര്യം ചെയ്തിരുന്ന എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

(2)വെബ്സൈറ്റ് പ്രസദ്ധീകരനത്തിന്

**പ്രോഫോർമ**

**ജില്ല :**

**2235-02-102-47, 223502-102-61 ശീർഷകങ്ങളിൽ 28/04/2022 ന് ശേഷം മാറിയ ബിൽ വിവരങ്ങൾ**

| ക്രമ നം | കാര്യലയത്തിന്റെ പേര്, ഫോൺ നം | ശീർഷകം | ഗ്രോസ് തുക | നെറ്റ്തുക | തുക മാറിയ തീയതി | ട്രഷറിയുടെ പേര് | സ്പാർക്ക് കംട്രോൾ കോഡ് നം |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

2235-02-102-47, 223502-102-61 ശീർഷകങ്ങൾ കൈകാര്യം ചെയ്യുന്ന ജില്ലയിലെ എല്ലാ കീഴ് കാര്യാലയ മേധാവികളുമായി ഞാൻ വ്യക്തി പരമായി ബന്ധപെട്ടു ഈ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് സാക്ഷ്യപെടുത്തുന്നു

ആഫീസ് സീൽ

ജില്ലാ വനിതാ ശിശു വികസന അഫീസറുടെ ഒപ്പ്

തീയതി

പേര്